LIBRARY ARCHIVES Kerala Legislative Assembly

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച തുക

80 [5224] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2002-2003 വർഷം തിരുവനന്തപുരം ജില്ലയ്ക്ക് എത്ര തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2002-2003 വർഷം 40,49,352 രൂപ തിരുവനന്തപുരം ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## കുപ്പണ മദ്യദുരന്തം മൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം

81 [5225] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പണ മദ്യദുരന്തം മൂലം മരണമടഞ്ഞവരുടെ എത്ര കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രൂപ സഹായധനമായി നൽകിയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കുപ്പണ മദ്യദുരന്തത്തിൽ മരണമടഞ്ഞ ഏഴുപേരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഏഴ് കുടുംബങ്ങൾക്കായി 2,10,000 രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) സഹായധനം അനുവദിച്ചുനൽകിയിട്ടുണ്ട്.

## കേരളാ ഹൗസിലെ പർച്ചേസിലെ ക്രമക്കേടുകൾ

82 [5226] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരളാ ഹൗസിലെ അതിഥി മന്ദിരത്തിലേക്ക് ദൈനംദിനാവശ്യങ്ങൾക്കുള്ള പർച്ചേസിൽ ക്രമക്കേടുകൾ നടന്നതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ;

(സി) വാഹനങ്ങൾ വാങ്ങിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എൻട്രി ടാക്സ് നൽകിക്കൊണ്ടാണോ വാഹനങ്ങൾ വാങ്ങിയിരുന്നത്;